ഉത്തരം

ഒന്നുമുതൽ പത്ത്വരെയുള്ള ക്ലാസ്സുകളിലെ സ്കൂൾ പാഠപുസ്തക അച്ചടിയും വിതരണവും നടന്നുകൊണ്ടിരിക്കുകയാണ്. ജൂലൈ മാസം 31-നുമുമ്പ് അച്ചടി പൂർത്തീകരിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായി ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറിയിലെയും വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെയും 12-ാം ക്ലാസ്സിലെ 95% പുസ്തകങ്ങളും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. 11-ാം ക്ലാസ്സ് പാഠപുസ്തകങ്ങൾ ക്ലാസ്സ് തുടങ്ങുന്നതിന് മുമ്പായും വിതരണം ചെയ്യാൻ കഴിയും.

## പാഠപുസ്തകങ്ങളുടെ വിതരണം

100 (1129) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പുതുക്കിയ സിലബസ് അനുസരിച്ച് എത്ര പാഠപുസ്തകങ്ങൾ ഏതെല്ലാം ക്ലാസ്സുകളിലേക്കാണ് അനുവദിച്ചിട്ടുള്ളത് ; ഇവയുടെ വിതരണം ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(സി) ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഏതെല്ലാം ക്ലാസ്സുകളിലാണ് നടപ്പിലാക്കുന്നത് ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ഡി) ഓരോ ജില്ലയിലേയ്ക്കും ഓരോ ക്ലാസ്സിനും ഓരോ വിഷയത്തിനും എത്ര പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെന്ന് അറിയിക്കുമോ ; ആയതിൽ എത്രയെണ്ണം ഓരോ ജില്ലയിലും ലഭ്യമാക്കിയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) മധ്യവേനലവധിക്കാലത്തുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കത്തക്കവിധം 2014 നവംബർ മാസം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ചുമതലയുള്ള കെ.ബി.പി.എസ്.-ന് മാറ്റമില്ലാത്ത പുസ്തകങ്ങളുടെ ടെന്റേറ്റീവ് പ്രിന്റ് ഓർഡർ നൽകുകയും ചെയ്തിരുന്നു. മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠസംഗ്രഹവും ജനുവരി മാസം. എസ്.സി.ഇ.ആർ.ടി.യിൽ നിന്ന് ലഭിച്ച ഉടൻതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ജനുവരി 2015-ൽ ഐ.ടി. സ്കൂളിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡന്റും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകി. സർക്കാർ സംഘടിപ്പിച്ച ഘട്ടംഘട്ടമായ ഉന്നതതലയോഗങ്ങളിൽ അതാത് സമയത്തെ അച്ചടി, വിതരണം സംബന്ധിച്ച് തടസ്സങ്ങൾനീക്കി അവലോകനം ചെയ്തിരുന്നു. ജൂലൈ 31 -നകം പുസ്തക വിതരണം പൂർത്തിയാക്കുന്നതാണ്. 2015-16 അധ്യയന വർഷത്തേയ്ക്കുള്ള ഹയർസെക്കണ്ടറി 12-ാം ക്ലാസ് പാഠപുസ്തകങ്ങൾ 95% വിതരണം പൂർത്തിയാക്കി. 11-ാം ക്ലാസ് പാഠപുസ്തകങ്ങൾ ക്ലാസ് ആരംഭിക്കുന്നതിന് മുമ്പായും വിതരണം പൂർത്തിയാക്കും.

(ബി) 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് ഈ വർഷം മാറ്റമുള്ളത്. വിതരണത്തിന്റെ ചുമതല കെ.ബി.പി.എസ്., തപാൽ വകുപ്പുമുഖേനയാണ് നിർവ്വഹിക്കുന്നത്. കെ.ബി.പി.എസിൽനിന്ന് ലഭിച്ച വിതരണത്തിന്റെ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം A).* 2015-16 അധ്യയന വർഷം 12 -ാം ക്ലാസിൽ 40 എസ്.സി.ഇ.ആർ.ടി. പുസ്തകങ്ങളും 25 എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളും മാറി വരുന്നുണ്ട്. ഇതിൽ 63 പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വിതരണം നടക്കുന്നു. ജൂലൈ 10-നു മുമ്പായി വിതരണം പൂർത്തിയാക്കും.

(സി) ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടില്ല.

(ഡി) ഓരോ ജില്ലയ്ക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ റിക്വയർമെന്റും വിതരണം ചെയ്ത വിവരവും അനുബന്ധം B ആയി ചേർക്കുന്നു.

**പാഠപുസ്തകങ്ങളുടെ വിതരണം**

101 (1130) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരുന്ന അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിച്ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ;

(സി) പാഠപുസ്തക വിതരണം എന്നത്തേക്ക് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത് ?

---

* വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly